## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2058 — 01.02.2018 ൽ മറുപടിക്ക്

## നെടുങ്ങോലം ഗവൺമെന്റ് രാമറാവു മെമ്മോറിയൽ താലൂക്കാശുപത്രി

| ചോദ്യം<br>ശ്രീ.ജി.എസ്.ജയലാൽ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ നെടുങ്ങോലം ഗവൺമെന്റ് രാമറാവു മെമ്മോറിയൽ താലൂക്കാശുപത്രിയിൽ അടിയന്തരമായി തസ്തികകൾ അനുവദിക്കണമെന്നതടക്കമുള്ള ജനപ്രതിനിധിയുടെ നിവേദനത്തിന്മേൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; | (എ) | നിവേദനത്തിന്മേൽ ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ട റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല. |
| (ബി) | ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ ഉള്ളടക്കവും തുടർന്ന് സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ; | (ബി) | (എ) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |
| (സി) | പ്രസ്തുത ആശുപത്രി 'ആർദ്രം' പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് 11.05.2017-ൽ ജനപ്രതിനിധി നല്കിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ. | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | ഉണ്ടെങ്കിൽ, പ്രസ്തുത നിവേദനത്തിലെ ആവശ്യം സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | നിലവിൽ നെടുങ്ങോലം ഗവൺമെന്റ് രാമറാവു മെമ്മോറിയൽ താലൂക്കാശുപത്രിയും കൊല്ലം ജില്ലാ ആശുപത്രിയും ഒരേ താലൂക്കിൽ ഉൾപ്പെട്ടതിനാൽ ആദ്യ ഘട്ടത്തിൽ കൊല്ലം ജില്ലാ ആശുപത്രിയെയാണ് ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. രണ്ടാം ഘട്ടത്തിൽ നെടുങ്ങോലം താലൂക്ക് ആശുപത്രിയെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി പ്രൊപ്പോസൽ ലഭിക്കുന്ന പക്ഷം ആയത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ